# സ്പന്ദിക്കുന്ന ശവകുടീരങ്ങൾ



Kranji War Memorial Cemetery, Singapore

ശാന്തതയുലാവുന്നൊ –
    രീയന്തരീക്ഷത്തിങ്കൽ
പാതിര മരവിച്ചു
    നില്ക്കുമീ നേരത്തിങ്കൽ

മാനത്തു മേഘങ്ങൾക്കു –
    മപ്പുറമൊരു കൊച്ചു
താരക കണ്ണീരിന്റെ
    നനവൊപ്പുന്നു വീണ്ടും.

എന്തൊരുജ്ജ്വലമായ
    സ്വപ്നങ്ങൾ, വിണ്ണിൽപ്പാറി –
യങ്ങനെ പറന്നൊരെൻ
    മുഗ്ധമാം സങ്കല്പങ്ങൾ

ആകെയും തണുത്തൊരീ
    മണ്ണിൽ വീണടിഞ്ഞതിൻ
മീതെയായ് തീർത്തു നിങ്ങ –
    ളീശ്ശവകുടീരങ്ങൾ.

ഏകനായ്, ചിന്താഭാര –
    ക്ലാന്തനായ് യുദ്ധത്തിന്റെ
സ്മാരകമായിത്തീർന്നൊ –
    രീശ്ശവപ്പറമ്പികൾ

നേരിയ നിലാവല –
    തല്ലുമീ നിശാമദ്ധ്യ –
വേളയിലെല്ലാം മറ –
    ന്നങ്ങിനെ നിന്നു കവി.

സ്നേഹസാന്ദ്രമാം കൺകൾ
    വായിച്ചു ശിലാലേഖ –
വാചകങ്ങളുമതിൻ
    പിന്നിലെക്കഥകളും.

തളരാത്തൊരെൻ നാടിൻ
        പൗരുഷം പടവെട്ടി
തലതാഴ്ത്തീടാതിന്നും
        നിത്യവിശ്രമം കൊള്ളും

പരിശുദ്ധമീമണ്ണിൽ
        പാദങ്ങൾ ചവിട്ടുമ്പോൾ
അഭിമാനത്താൽ രോമ–
        ഹർഷങ്ങളണിവോരേ!

കണ്ണുനീർ ഘനീഭൂത–
        മായൊരീക്കുടീരത്തിൻ
ഹൃദയസ്പന്ദം കേൾക്കാൻ
        നിങ്ങൾക്കു കഴിവുണ്ടോ?

വരുവിൻ, ചെവിയോർക്കിൻ
        വാചാലമല്ലെന്നാലും
കരളിൽ സ്പർശിക്കുമീ
        ഗദ്ഗദം ശ്രവിക്കുവിൻ:

ഇന്നലെച്ചെഞ്ചോരയാൽ
        നനവാർന്നൊരീമണ്ണിൽ
എക്കരൾ തുളച്ചോരു
        വെടിയുണ്ട തൻ മുന്നിൽ

വീണു ഞാൻ നിങ്ങൾക്കൊക്കെ
        ശാന്തിയും സമാധാന–
കാന്തിയും പുലരുന്നൊ–
        'രിന്നു് വന്നണഞ്ഞീടാൻ.

നിങ്ങളിന്നൊരുക്കുന്നു
        പുഷ്പമാലകൾ, കൊൾവു
നിങ്ങളിന്നഭിമാനം
        ഞങ്ങളിലീമണ്ണിലും.

ഞങ്ങൾക്കു ബഹുമാന–
        സൂചകം ഗർജ്ജിക്കുമ്പോൾ
പിന്നെയും യന്ത്രത്തോക്കും
        പോർവിമാനവും മോളിൽ

നാണിച്ചു പോവുന്നു ഞാ–
        നീശ്ശവകുടീരത്തിൽ
പോലുമെൻ സമാധാനം
        ഭഞ്ജിച്ചു നില്പു നിങ്ങൾ.

ധീരനൂതനമൊരു
        ലോകത്തിന്നടിത്തറ
പാകുവാൻ വീണൂ ഞാനീ
        മണ്ണിലെന്നുറക്കനെ

നീണ്ട വാചകങ്ങളിൽ
        നിങ്ങളെൻ ധീരോജ്ജ്വല
സേവന ചരിത്രങ്ങൾ
        വാഴ്ത്തുവാൻ തുടങ്ങുമ്പോൾ

ഞെട്ടുങ്ങിപ്പോകുന്നിതെൻ
        ചേതനയീവെണ്ണീറിൻ
ധൂളികൾ പോലും വിറ–
        യാർന്നു പോകുന്നീരാവിൽ.

ഞാനറിയുന്നു വ്യക്തം
        വ്യർത്ഥമാണീമണ്ണിൻ മേൽ
വീണൊരെൻ ഹൃദ്രക്തത്തിൻ
        തുള്ളികളെല്ലാം തന്നെ.

വിജയാഹ്ലാദത്തിൻെറ
        ഭേരികൾ മുഴക്കിയി–
ന്നിവിടെൻ മുന്നിൽ നിങ്ങൾ
        വാർഷികം ഘോഷിക്കുമ്പോൾ

ഷെല്ലുകൾ ചീറിപ്പാഞ്ഞ
        രണഭൂമിയിൽപ്പോലും
കണ്ണുകൾ നിറയാഞ്ഞ
        പൗരുഷം വിതുമ്പുന്നു.

എന്തൊരു പരാജയം!
        കിഴക്കൻ മലകളിൽ
ഞങ്ങൾ കാത്തിരുന്നൊരു
        പുലരിത്തുടുപ്പെങ്ങോ?

ജീവിതമൊരു പിടി–
        ച്ചാമ്പലായ് മാറ്റാൻ പൊങ്ങു–
മീവിഷപ്പുകക്കൂണി–
        ന്നുജ്വല പ്രഭയെങ്ങോ?

എൻ ചിതാഭസ്മത്തിനെ,
        എൻ കരൾത്തുമ്പിൽപ്പൂത്ത
പൊൻ കിനാക്കളെക്കാണാൻ
        നിങ്ങൾക്കു കഴിവുണ്ടോ?

എൻമിഴിത്തുമ്പിൽ മിന്നി–
        യീമണ്ണിലടർന്നൊരാ
കണ്ണുനീർക്കണങ്ങളെ
        കാണുവാൻ കഴിവുണ്ടോ?

എങ്കിലെൻ രക്തം വീണൊ–
        രിപ്പൂഴിമണ്ണിൽ കാലു–
കുത്തുവാനറയ്ക്കുമാ–
        യിരുന്നു നിങ്ങൾക്കൊക്കെ. ■            1957